# സത്യമേവ.ന്യൂസ്

ലയാളത്തിലെ ആദ്യത്തെ ഡിജിറ്റൽ ന്യൂസ് പേപ്പർ

2025
JULY
22
Tuesday

BREAKING
NEWS

ws sathyameva.news@gmail.com Publish from Kozhikodu




# വി.എസ് വിട ചൊല്ലി കേരളത്തിലെ കമ്മ്യൂണിസ്റ്റ് യുഗം അവസാനിച്ചു

തിരുവനന്തപുരം: രാഷ്ട്രീയ കേരളത്തിന്റെ സമരസ്മരണകളിലെ കെടാത്ത നക്ഷത്രം വി.എസ് അച്യുതാനന്ദൻ ഇനി ജ്വലിക്കുന്ന ഓർമ. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ ഒരു യുഗം ഇതോടെ അവസാനിച്ചു. മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും പുന്നപ്ര-വയലാർ സമര നായകനായി, ഏറ്റവും തലമുതിർന്ന കമ്മ്യൂണിസ്റ്റ് നേതാവായി പതിറ്റാണ്ടുകളോളം രാഷ്ട്രീയത്തിൽ നിറഞ്ഞുനിന്ന വേലിക്കകത്ത് ശങ്കരൻ അച്യുതാനന്ദൻ എന്ന വി.എസ്. അന്തരിച്ചു. നൂറ്റിരണ്ടാം വയസ്സിലായിരുന്നു പോരാട്ടങ്ങൾ രാകിമിനുക്കിയ ആ ജ്വലിക്കുന്ന ജീവിതത്തിന് തിരശ്ശീല വീണത്.

മുഖ്യമന്ത്രിസ്ഥാനമൊഴിഞ്ഞ ശേഷം വാർധക്യസഹജമായ അവശതകളുമായി വിശ്രമജീവിതം നയിച്ചുവന്ന വി.എസിനെ ആരോഗ്യസ്ഥിതി മോശമായതിനെ തുടർന്ന്
ജൂൺ 23-ന് തിരുവനന്തപുരം എസ്.യു.ടി ആശുപത്രിയിൽ പ്രവേശിപ്പിക്കുകയായിരുന്നു. തിങ്കളാഴ്ച്ച ഉച്ചകഴിഞ്ഞ് 3.20 ഓടെയായിരുന്നു അന്ത്യം സംഭവിച്ചത്. ഭാര്യ വസുമതിയും മക്കളായ വി.എ. അരുൺകുമാറും വി.വി. ആശയും മരണസമയത്ത് ഒപ്പമുണ്ടായിരുന്നു.



മുഖ്യമന്ത്രി പിണറായി വിജയൻ, സിപിഎം സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ തുടങ്ങിയവരും മന്ത്രിമാരും പാർട്ടി നേതാക്കളും തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് എസ്.യു.ടി. ആശുപത്രിയിൽ എത്തി വി.എസിനെ സന്ദർശിച്ചിരുന്നു.

സി.പി.എമ്മിന്റെ രൂപീകരണത്തിൽ പങ്കാളിയായവരിൽ ജീവനോടെ ഉണ്ടായിരുന്നവരിൽ അവസാനത്തെ കണ്ണിയായിരുന്നു വി.എസ്. 2006 മുതൽ 2011 വരെ മുഖ്യമന്ത്രിയായിരുന്ന വി.എസ് മൂന്ന് തവണയായി പതിനഞ്ച് വർഷം പ്രതിപക്ഷ നേതാവായിരുന്നു. മൂന്ന് തവണ നിയമസഭയിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ടു. 1985 മുതൽ 2009 വരെ പാർട്ടിയുടെ പോളിറ്റ്ബ്യൂറോ അംഗമായിരുന്നു. പിന്നീട് വിഭാഗീയതയുടെ പേരിൽ പിണറായി വിജയനൊപ്പം പി.ബിയിൽ നിന്ന് തരംതാഴ്ത്തപ്പെടുകയും ചെയ്തു. 1980 മുതൽ 92 വരെ സി.പി.എം. സംസ്ഥാന സെക്രട്ടറിയായിരുന്നു. മുഖ്യമന്ത്രസ്ഥാനമൊഴിഞ്ഞ ശേഷം 2016 മുതൽ 21 വരെ ഭരണപരിഷ്കാര കമ്മീഷൻ ചെയർമാനായി പ്രവർത്തിച്ചു.

ആലപ്പുഴ ജില്ലയിലെ പുന്നപ്രയിൽ 1923 ഒക്ടോബർ 20 നാണ് ശങ്കരന്റെയും അക്കമ്മയുടെ മകനായിട്ടായിരുന്നു ജനനം. അച്ഛന്റെയും അമ്മയുടെയും മരണത്തെ തുടർന്ന് ഏഴാം ക്ലാസിൽ വിദ്യാഭ്യാസം അവസാനിപ്പിച്ചാണ് വി.എസ് തൊഴിലാളികൾക്കിടയിലെത്തുന്നത്. തിരുവിതാംകൂറിൽ ഭരണപരിഷ്കാരത്തിന് വേണ്ടി നടന്ന നിവർത്തന പ്രക്ഷോഭത്തിലൂടെയാണ് രാഷ്ട്രീയ ജീവിതം ആരംഭിക്കുന്നത്. പ്രക്ഷോഭത്തിന്റെ ഭാഗമായി അദ്ദേഹം 1938-ൽ സ്റ്റേറ്റ് കോൺഗ്രസിൽ അംഗമായി. പിന്നീട് തൊഴിലാളി സംഘടനകളിലേക്കും പുരോഗമന പ്രസ്ഥാനങ്ങളിലേക്കും തന്റെ പ്രവർത്തനം വിപുലമാക്കിയ വി.എസ്. 1940-ലാണ് കമ്യൂണിസ്റ്റ് പാർട്ടിയിൽ അംഗമാകുന്നത്.



# ഭൗതികദേഹം ആലപ്പുഴ കടപ്പുറത്തെ റിക്രിയേഷൻ ഗ്രൗണ്ടിൽ സംസ്കരിക്കും

അന്തരിച്ച മുൻ മുഖ്യമന്ത്രി വി എസ് അച്യുതാനന്ദന്റെ ഭൗതികദേഹം ആലപ്പുഴ കടപ്പുറത്തെ റിക്രിയേഷൻ ഗ്രൗണ്ടിൽ ബുധനാഴ്ച്ച (23) രാവിലെ 11 മണി മുതൽ പൊതുദർശനത്തിന് വെക്കും. സംസ്കാരച്ചടങ്ങുകളുമായി ബന്ധപ്പെട്ട ക്രമീകരണങ്ങൾ വിലയിരുത്തുന്നതിന് ബഹു.ഫിഷറീസ്, സാംസ്കാരിക വകുപ്പ് മന്ത്രി ശ്രീ. സജി ചെറിയാന്റെ നേതൃത്വത്തിൽ ചേർന്ന അടിയന്തര യോഗത്തിലാണ് തീരുമാനം.

ചൊവ്വാഴ്ച ഉച്ചയോടെ തിരുവനന്തപുരത്ത് നിന്ന് ദേശീയപാത 66 വഴി ആലപ്പുഴയിലേക്ക് കൊണ്ടുവരുന്ന ഭൗതികദേഹം രാത്രി 9 മണിയോടുകൂടി ആലപ്പുഴയിലെ സ്വവസതിയിൽ എത്തിക്കും. ബുധനാഴ്ച്ച രാവിലെ 9 മണിവരെ സ്വവസതിയിലും തുടർന്ന് 10 മണിയോടെ സി പി എം ജില്ലാ കമ്മിറ്റി ഓഫീസിലും പൊതുദർശനത്തിന് വെക്കും. ശേഷം 11 മണി മുതൽ വൈകിട്ട് മൂന്ന് മണിവരെ ആലപ്പുഴ കടപ്പുറത്തെ റിക്രിയേഷൻ ഗ്രൗണ്ടിൽ പ്രത്യേകം ഒരുക്കിയ പന്തലിലാണ് പൊതുജനങ്ങൾക്ക് പൊതുദർശനത്തിന് സൗകര്യം ഒരുക്കിയിട്ടുള്ളത്. പൊതുദർശനത്തിന് ശേഷം നാല് മണിയോടെയാവും വലിയ ചുടുകാടിൽ ഔദ്യോഗിക ചടങ്ങുകളോടെയുള്ള സംസ്കാരം. ബീച്ചിൽ നിയന്ത്രണവും ഗതാഗതക്രമീകരണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.



# അഴിമതിക്കെതിരെ കുരിശുയുദ്ധം പ്രഖ്യാപിച്ച വി എസ്

തിരുവനന്തപുരം: അഴിമതിക്കെതിരായ കുരിശുയുദ്ധവും പരിസ്ഥിതി നശീകരണത്തിനെതിരായ നിരന്തര പോരാട്ടവും വി.എസ്.അച്യുതാനന്ദന്റെ രാഷ്ട്രീയ ജീവിതത്തിലെ തിളക്കമാർന്ന രണ്ടു അദ്ധ്യായങ്ങളാണ്. കെ.കരുണാകരന്റെ ഭരണകാലത്തുണ്ടായ കേരളത്തെ പിടിച്ചുകുലുക്കിയ ഇടമലയാർ, പാമോലിൻ അഴിമതി കേസുകൾ ഇതിനുദാഹരണങ്ങളാണ്.1982- 87 കാലത്ത് കെ.കരുണാകരൻ മന്ത്രിസഭയിൽ വൈദ്യുതി മന്ത്രിയായിരുന്ന ആർ.ബാലകൃഷ്ണപിള്ള ഇടമലയാർ വൈദ്യുതി പദ്ധതിയുടെ കരാർത്തുക പെരുപ്പിച്ച് കാട്ടി അഴിമതി നടത്തിയെന്നതായിരുന്നു ഇടമലയാർ കേസ്. ടണൽ നിർമ്മാണ ടെൻഡറിൽ ക്രമക്കേടുണ്ടെന്നും സർക്കാരിന് മൂന്ന് കോടിയുടെ നഷ്ടം വരുത്തിയെന്നുമായിരുന്നു ആരോപണം. ഏറെ വർഷങ്ങൾ സുപ്രീംകോടതി വരെ നീണ്ട നിയമയുദ്ധത്തിൽ ആർ.ബാലകൃഷ്ണപിള്ളയ്ക്കും മറ്റ് രണ്ടു പ്രതികൾക്കും രണ്ടുവർഷം തടവുശിക്ഷ ലഭിച്ചു. ശിക്ഷാ വിധിക്കെതിരെ വിവിധ കോടതികളിൽ വലിയ നിയമയുദ്ധം നടന്നു. ചുരുങ്ങിയ നാളുകളിലാണെങ്കിലും ബാലകൃഷ്ണപിള്ളയ്ക്ക് ജയിൽവാസം അനുഭവിക്കേണ്ടി വന്നു. നിരന്തരം കോടതികളെ സമീപിച്ച് ഒട്ടും വീറ് ചോരാതെ വി.എസ് നടത്തിയ നിയമയുദ്ധം കേരളത്തിലെ തലയെടുപ്പുള്ള നേതാവായിരുന്ന ആർ.ബാലകൃഷ്ണപിള്ളയുടെ രാഷ്ട്രീയ ജീവിതത്തെ ഉലച്ചു.1991- 96 ലെ കെ.കരുണാകരൻ മന്ത്രിസഭാ കാലത്താണ് പാമോലിൻ കേസിന്റെ ഉത്ഭവം. ടെൻഡർ വിളിക്കാതെ മലേഷ്യൻ കമ്പനിക്ക് ഉയർന്ന നിരക്കിൽ കരാർ നൽകുക വഴി സംസ്ഥാന സർക്കാരിന് 2.32 കോടിയുടെ നഷ്ടം വരുത്തിയെന്നതായിരുന്നു ആരോപണം



# പോരാട്ടം മുഴുവൻ ജനങ്ങൾക്ക് വേണ്ടി' അനുശോചിച്ച് പിബി

ന്യൂഡൽഹി : കമ്യൂണിസ്റ്റ് പാർടിയുടെ മുതിർന്ന നേതാവും മുൻ മുഖ്യമന്ത്രിയുമായ വി എസ് അച്യുതാനന്ദന്റെ നിര്യാണത്തിൽ അഗാധമായ ദുഃഖം രേഖപ്പെടുത്തുന്നതായി സിപിഎം പൊളിറ്റ് ബ്യൂറോ. വി എസ് എന്ന് സ്നേഹപൂർവം വിളിക്കപ്പെടുന്ന വി എസ് അച്യുതാനന്ദൻ, വിവിധ പോരാട്ടങ്ങൾക്ക് നേതൃത്വം നൽകിയ കഴിവുറ്റ സംഘാടകനായിരുന്നു. താൻ ജോലി ചെയ്യാൻ തുടങ്ങിയ ആസ്പിൻവാൾ കമ്പനിയിലെ കയർ തൊഴിലാളികളെ സംഘടിപ്പിച്ചാണ് ആദ്യമായി ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിലേക്ക് എത്തുന്നത്.1940ൽ, പതിനേഴ് വയസുള്ളപ്പോൾ, വി എസ് കമ്യൂണിസ്റ്റ് പാർട്ടിയിൽ ചേർന്നു. ജന്മിമാരിൽ നിന്ന് ക്രൂരമായ ചൂഷണത്തിന് വിധേയരായ കുട്ടനാട്ടിലെ കർഷകത്തൊഴിലാളികൾക്കിടയിൽ പ്രവർത്തിക്കാൻ പി കൃഷ്ണപിള്ള വി എസിനെ നിയോഗിച്ചു. തിരുവിതാംകൂർ ദിവാനെതിരെ പുന്നപ്ര - വയലാർ പ്രക്ഷോഭത്തിനിടെ, വി എസിന് ഒളിവിൽ പോകേണ്ടി വന്നു. അറസ്റ്റിലായതിനുശേഷം കഠിനമായ കസ്റ്റഡി പീഡനങ്ങൾ നേരിട്ടു.1956-ൽ ഐക്യ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സംസ്ഥാന കമ്മിറ്റിയിലേക്കും 1958-ൽ ദേശീയ കൗൺസിലിലേക്കും വി എസ് തെരഞ്ഞെടുക്കപ്പെട്ടു. സിപിഎം രൂപീകരിക്കുന്നതിനായി ദേശീയ കൗൺസിലിൽ നിന്ന് പുറത്തുപോയ 32 അംഗങ്ങളിൽ ജീവിച്ചിരിക്കുന്ന അവസാനത്തെ ആളായിരുന്നു അദ്ദേഹം. 1980 മുതൽ 1992 വരെ സിപിഐ എം സംസ്ഥാന സെക്രട്ടറിയായി.



# നിങ്ങൾക്ക് വെള്ളാപ്പള്ളിയെ പേടിയാണോ? സിപിഎം എഫ്ബി പേജിൽ ഉറഞ്ഞുതുള്ളി അണികൾ

തിരുവനന്തപുരംനിരന്തരം വർഗീയ പരാമർശങ്ങൾ നടത്തുന്ന എസ്എൻഡിപി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശന്റെ പേര് പറയാതെയുള്ള സിപിഎം പ്രസ്താവന ക്കെതിരെ അണികളുടെ പൊങ്കാല. നട്ടെല്ലോടു കൂടി വെള്ളാപ്പള്ളിയുടെ പേര് പറയാൻ കഴിവില്ലാത്ത പാർട്ടി പ്രസ്താവന ആർക്കുവേണ്ടിയെന്നാണ് അണികളും അനുഭാവികളും ഒന്നുപോലെ ചോദിക്കുന്നത്. CPIM kerala എന്ന ഔദ്യോഗിക ഫെയ്സ്ബുക്കിലെ പോസ്റ്റിന് താഴെയാണ് അണികളുടെ രോഷപ്രകടനം. 'അയ്യേ.... നാണമില്ലേ ഇങ്ങനെ മുട്ടിലിഴയാൻ?? വെള്ളാപ്പള്ളിയെ പോലൊരു ഇസ്പെഡ് ഏഴാംകൂലിയെ പേടിക്കുന്ന ഈ പാർട്ടിയാണോ സംഘപരിവാറിനോട് പോരാടാൻ ഇറങ്ങുന്നത്?? മതവിദ്വേഷം വളർത്തുന്ന വാക്കുകളും hate സ്പീച്ചും ക്രിമിനൽ കുറ്റമാണ്. കേസെടുക്കാനുള്ള ഉത്തരവാദിത്തം പോലീസിനുണ്ട്. സി.പി.എം ഇത് ആവശ്യപ്പെടുമോ? പോലീസ് കേസെടുക്കുമോ?' എന്നാണ് ഹൈക്കോടതി അഭിഭാഷകനായ ഹരീഷ് വാസുദേവൻ കമന്റ് ചെയ്തിരിക്കുന്നത്. 'നട്ടെല്ലില്ലേൽ പോട്ടെ, ഒരു വാഴപ്പിണ്ടിയെങ്കിലും വാങ്ങി വെച്ചൂടേ നിങ്ങക്ക് ' എന്നാണ് ബഷീർ ഓമനൂർ എന്നൊരാൾ കമന്റിട്ടിരിക്കുന്നത്. കേരളത്തിന്റെ മതനിരപേക്ഷ സംസ്കാരത്തിന് പോറലേൽപ്പിക്കുന്ന ഇടപെടലുകൾ ആരുടെ ഭാഗത്ത് നിന്നുണ്ടായാലും അതിനെതിരെ ജാഗ്രത പുലർത്തണം. കേരളത്തിലെ എൽഡിഎഫ് സർക്കാർ കേന്ദ്രസർക്കാരിന്റെ തെറ്റായ നയങ്ങൾക്കെതിരെ ബദൽ നയങ്ങളുയർത്തി മുന്നോട്ടുപോവുകയാണ്.




# ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ രാജിവെച്ചു

ന്യൂഡൽഹി: തീർത്തും അപ്രതീക്ഷിതവും അസാധാണവുമായ നീക്കത്തിൽ ആരോഗ്യകാരണങ്ങൾ ചൂണ്ടിക്കാട്ടി ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ രാജിവെച്ചു. പാർലമെന്റിന്റെ വർഷകാല സമ്മേളനത്തിന് തുടക്കമിട്ട് രാജ്യസഭ നിയന്ത്രിച്ച ശേഷമാണ് ധൻഖർ രാജിവെച്ചത്. ധൻഖറിന്റെ രാജി രാഷ്ട്രപതി ദ്രൗപദി മുർമു സ്വീകരിച്ചാൽ രാജ്യസഭാ ഉപാധ്യക്ഷൻ ഹരിവൻഷ് നാരായണിന്റെ അധ്യക്ഷതയിൽ രാജ്യസഭ വർഷകാല സമ്മേളനം പുർത്തിയാക്കേണ്ടിയും വരും. പാർലമെന്റിനും സർക്കാറിനും പ്രതിസന്ധിക്ക് വഴിയൊരുക്കിയാ വർഷകാല സമ്മേളനത്തിനിടയിലുള്ള രാജി സ്വീകരിച്ചാൽ പുതിയ ഉപരാഷ്ട്രപതിക്കായി തെരഞ്ഞെടുപ്പ് അനിവാര്യമായി വരും. ലോക്സഭയിലെയും രാജ്യസഭയിലെയും എം.പിമാർ വോട്ടു ചെയ്താണ് ഉപരാഷ്ട്രപതിയെ തെരഞ്ഞെടുക്കുക.

## മുഴുവൻ സ്കൂളുകളിലും സുരക്ഷാ ഓഡിറ്റ്

പാലക്കാട്: സുരക്ഷ മുൻനിർത്തി സംസ്ഥാനത്തെ മുഴുവൻ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും അടിയന്തര ഓഡിറ്റ് നടത്താൻ തീരുമാനിച്ചതായി മന്ത്രി വി. ശിവൻകുട്ടി. അതിന്റെ ഭാഗമായി സമയബന്ധിത പരിപാടിക്ക് രൂപംനൽകും. ചൊവ്വാഴ്ച രാവിലെ 9.30ന് തന്റെ അധ്യക്ഷതയിൽ പൊതുവിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥരുടെ യോഗം ശിക്ഷക് സദനിൽ ചേരുമെന്നും മന്ത്രി പാലക്കാട്ട് പറഞ്ഞു. വിദ്യാഭ്യാസ ഉപഡയറക്ടർമാർ, ആർ.ഡി.ഡിമാർ, എ.ഡിമാർ, ഡയറ്റ് പ്രിൻസിപ്പൽമാർ, ജില്ല ഉപവിദ്യാഭ്യാസ ഓഫിസർമാർ, ജില്ല പ്രോജക്ട് കോഓഡിനേറ്റർമാർ, ജില്ല പ്രോജക്ട് ഓഫിസർമാർ, ജില്ല കൈറ്റ് കോഓഡിനേറ്റർമാർ, ജില്ല വിദ്യാകിരണം കോഓഡിനേറ്റർമാർ തുടങ്ങിയവർ പങ്കെടുക്കും.



Krishnatheeram
AYUR HOLY BEACH RESORTS PVT.LTD








RELAX & REJUVENATE

North Cliff, Thiruvambadi Beach, Varkala, Thiruvananthapuram
E : info@krishnatheeram.com | www.krishnatheeram.com



"ഗുരുസാഹിതി" ഏർപ്പെടുത്തുന്ന

# ഗുരുസേവാ കീർത്തി പുരസ്കാരം

തിരുവനന്തപുരം ശ്രീനാരായണ ഗുരുസാഹിത്യപ്രബോധനാർത്ഥം പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന "ഗുരുസാഹിതി" ഏർപ്പെടുത്തിയ ഗുരുസേവാകീർത്തിപുരസ്കാരത്തിന് നാമനിർദ്ദേശങ്ങൾ ക്ഷണിക്കുന്നു. ഗുരുദർശനപ്രബോധനത്തിൽ നിഷ്പക്ഷസേവനം നടത്തുന്ന ഓരോ പുരുഷന്മാരെയും, ഓരോ സ്ത്രീകളെയും അവരുടെ സമഗ്ര സംഭാവനകൾ മാനിച്ചാണ് ഓരോ വർഷവും പുരസ്കരിക്കുന്നത്.

2025 ആഗസ്റ്റ് പത്താം തിയതി അരുവിപ്പുറം കൊടിതൂക്കിമലയിൽ കേരള സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള ചെമ്പഴന്തി ശ്രീനാരായണ അന്തർദ്ദേശീയ പഠന കേന്ദ്രവും ശ്രീനാരായണ തൃപ്പാദ ചാരിറ്റബിൾ സൊസൈറ്റിയുടേയും സംയുക്താഭിമുഖ്യത്തിൽ നടക്കുന്ന ഗുരുസാഹിതി വാർഷികസമ്മേളനത്തിൽ വച്ച് പ്രഥമപുരസ്കാരം നൽകും. ഈ വർഷം തിരുവനന്തപുരം ജില്ലയിലുള്ളവരെയാണ് തെരെഞ്ഞെടുക്കാൻ തീരുമാനിച്ചിരിക്കുന്നത്. അർഹരായവരുടെ പേരുകളും കർമ്മമേഖലയിലെ മികവുകളും മലയാലപ്പുഴ സുധൻ 8943508892 എന്ന നമ്പരിൽ വാട്സ് ആപ്പ് ചെയ്യുക. ഒപ്പം ദൈവദശക പഠനക്ളാസിൽ മികച്ച വൈദഗ്ധ്യം കാഴ്ചവയ്ക്കുന്ന വിദ്യാർത്ഥിക്കും പുരസ്കാരം നൽകുന്നതാണെന്ന് ട്രസ്റ്റ് ചെയർമാൻ എൽ.പി ജെയിൻഅറിയിച്ചു.

സത്യമേവ.ന്യൂസ്
FIRST DIGITAL NEWS PAPER IN MALAYALAM
2025 JULY 22 Tuesday





# അതുല്യയുടെ ഫോൺ പരിശോധിക്കും, സതീഷിനെ നാട്ടിലെത്തിക്കും

## അന്വേഷണത്തിന് പ്രത്യേക സംഘം

കൊല്ലം ഭർത്താവ് സതീഷ് ശങ്കർ ഉപദ്രവിക്കുന്ന ദൃശ്യങ്ങൾ പകർത്തിയ അതുല്യയുടെ മൊബൈൽ ഫോൺ നാട്ടിൽ കൊണ്ടുവന്ന് പരിശോധനയ്ക്ക് വിധേയമാക്കുമെന്ന് പൊലീസ്. ഷാർജ പൊലീസിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കിയശേഷം ഭർത്താവിനെ നാട്ടിൽ എത്തിച്ച് ചോദ്യം ചെയ്യും.

നേരത്തെ നാട്ടിൽവച്ച് അതുല്യ നേരിട്ട പീഡനങ്ങളും പരാതികളും കോടതിയിലെ കേസുകളും പരിശോധിക്കും. ഷാർജയിൽ ഭർത്താവിനൊപ്പം താമസിച്ചു വന്ന ഫ്ലാറ്റിൽ മരിച്ച നിലയിൽ കണ്ടെത്തിയ തേവലക്കര കോയിവിള മേലേഴത്ത് ജംക്ഷൻ അതുല്യ ഭവനിൽ ടി.അതുല്യ ശേഖറിന്റെ മരണത്തിൽ പൊലീസ് വിശദമായ അന്വേഷണം നടത്തും. ഇതിനായി കരുനാഗപ്പള്ളി എഎസ്പി അഞ്ജലി ഭാവനയുടെ മേൽനോട്ടത്തിൽ ചവറ തെക്കുംഭാഗം പൊലീസ് ഇൻസ്പെക്ടർ എസ്.ശ്രീകുമാർ അടങ്ങുന്ന എട്ടംഗ പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ചു. തെക്കുംഭാഗം എസ്ഐ എൽ.നിയാസ്, കരുനാഗപ്പള്ളി പൊലീസ് സ്റ്റേഷനിലെ ഗ്രേഡ് എസ്ഐ സജി കുമാർ, എഎസ്ഐ ദീപ്തി, സിവിൽ പൊലീസ് ഓഫിസർമാരായ ഷൺമുഖദാസ്, വിനീഷ്, അനീഷ്, ആര്യ എന്നിവരാണ് അന്വേഷണ സംഘത്തിൽ ഉള്ളവർ.

സത്യമേവ.ന്യൂസ്

FIRST DIGITAL NEWS PAPER IN MALAYALAM

2025
JULY
22
Tuesday




കോഴിക്കോട് നിന്നും പ്രസിദ്ധീകരിക്കുന്ന

# മലയാളത്തിലെ ആദ്യത്തെ ഡിജിറ്റൽ ന്യൂസ് പേപ്പർ





**ഷൈജ കൊടുവള്ളി**
(മാനേജിംഗ് ഡയറക്ടർ)
8129125771




**അഡ്വ. എൽ. കെ. അജിത്**
(എക്സിക്യൂട്ടീവ് ഡയറക്ടർ
8113914983



**എ. പി. ജിനൻ**
(ചീഫ് എഡിറ്റർ)
9349363411






# തുരുമ്പെടുത്ത് നശിക്കുന്നു നഗരസഭയുടെ കോടികൾ

ശിവാകൈലാസ്

വിളപ്പിൽ: ദേ, ഇവിടെ തുരുമ്പെടുത്ത് നശിക്കുന്നു, നഗരസഭയുടെ കോടികൾ. വിളപ്പിൽശാല ചവർ ഫാക്ടറിക്കായി കോടികൾ മുടക്കി വാങ്ങിയ യന്ത്രങ്ങൾ, വാഹനങ്ങൾ, കെട്ടിട സമുച്ചയങ്ങൾ എല്ലാം മണ്ണിലലിഞ്ഞു.14 വർഷം മുമ്പ് അടച്ചുപൂട്ടിയ ഫാക്ടറി വളപ്പിലാണ് ഇവ കാടുമൂടി കിടക്കുന്നത്. ഇതെല്ലാം ഇവിടെ നിന്ന് മാറ്റണമെന്ന സുപ്രീംകോടതി വിധി വന്ന് 9 വർഷം കഴിഞ്ഞിട്ടും അധികൃതർ തിരിഞ്ഞു നോക്കിയില്ല.

2015 ഓഗസ്റ്റ് 31നാണ് ദേശീയ ഹരിത ട്രിബ്യൂണൽ വിളപ്പിൽശാല ചവർ ഫാക്ടറി അടച്ചുപൂട്ടാൻ വിധിച്ചത്. അവിടെയുള്ള മാലിന്യം നഗരസഭയുടെ ചെലവിൽ നീക്കംചെയ്യണമെന്നും, ഫാക്ടറിയുടെ യന്ത്രങ്ങൾ നഗരസഭാ പ്രദേശത്തേക്കു മാറ്റണമെന്നും ഉത്തരവിട്ടിരുന്നു. ഇതിനെതിരെ നഗരസഭ സുപ്രീംകോടതിയെ സമീപിച്ചെങ്കിലും 2016 ജനുവരി 23 ന് സുപ്രീംകോടതി ഹരിത കോടതി വിധി ശരിവെച്ചു.

മാലിന്യം നീക്കുന്നത് അപ്രായോഗികം എന്നാണ് നഗരസഭയുടെ വിലയിരുത്തൽ. വിലയേറിയ യന്ത്രങ്ങൾ മാറ്റിയാൽ അത് വിധി ഭാഗികമായി നടപ്പാക്കലാകും. കൂടുതൽ നിയമപ്രശ്നങ്ങളിലേക്കു കടക്കാതിരിക്കാൻ നഗരസഭ മൗനം പാലിക്കുകയാണ്. ഫലത്തിൽ കോടികളുടെ യന്ത്രസാമഗ്രഹികളും കെട്ടിടങ്ങളും നശിക്കുന്ന കാഴ്ചയാണുള്ളത്. പ്രകൃതി ദുരന്തത്തിനുവരെ കാരണമാകാവുന്ന ടൺ കണക്കിന് പ്ലാസ്റ്റിക് മാലിന്യം ഫാക്ടറി പരിസരത്തെ മണ്ണിനടിയിലുണ്ട്. അബ്ദുൾ കലാം സാങ്കേതിക സർവകലാശാല സ്ഥാപിക്കുന്ന100 ഏക്കർ ഈ ഫാക്ടറിക്ക് സമീപത്താണ്.




ലയാള നാടകവേദിക്ക് നൽകിയ സമഗ്ര സംഭാവനകൾ പരിഗണിച്ച് കേരള സംഗീത നാടക അക്കാദമി പ്രഖ്യാപിച്ച 2024 ലെ ഗുരുപൂജ പുരസ്കാരം നാടക നടനും, നാടകകൃത്തുമായ കൊല്ലം തുളസിക്ക് സാംസ്ക്കാരിക മന്ത്രി സജി ചെറിയാൻ സമ്മാനിക്കുന്നു. നാടകരംഗത്ത് 65 വർഷമായി പ്രവർത്തിച്ചുവരുന്ന കൊല്ലം തുളസി പ്രസിദ്ധ സിനിമാനടൻ കൂടിയാണ്.




ടിഎംസി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മൊബൈൽ ടെക്നോളജി സംഘടിപ്പിച്ച ഫിലിപ്പ് മമ്പാടിന്റെ ലഹരി വിരുദ്ധ പ്രഭാഷണവും തൊഴിൽ മേളയും അഡ്വ: വി. കെ. പ്രശാന്ത് എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു. ജമീൽ യൂസഫ്, പനച്ച മൂട് ഷാജഹാൻ, ജിൻരാജ്. പി. വി എന്നിവർ സമീപം



# മതവൈരമുണ്ടാക്കരുത്: മതനിരപേക്ഷത സംരക്ഷിക്കുന്ന നിലപാട് സ്വീകരിക്കണം

തിരുവനന്തപുരം: കേരളത്തിന്റെ മതനിരപേക്ഷ സംസ്കാരത്തിന് പോറലേൽപ്പിക്കുന്ന ഇടപെടലുകൾ ആരുടെ ഭാഗത്ത് നിന്നുണ്ടായാലും അതിനെതിരെ ജാഗ്രത പുലർത്തണമെന്ന് സിപിഎം സംസ്ഥാന സെക്രട്ടേറിയറ്റ് പ്രസ്താവനയിൽ പറഞ്ഞു. എസ്എൻഡിപി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശന്റെ പ്രസ്താവനകളെ സംബന്ധിച്ച്, അദ്ദേഹത്തിന്റെ പേരു പറയാതെയാണ് സിപിഎമ്മിന്റെ പ്രതികരണം മതങ്ങളുടെ സാരം ഏകമാണെന്ന് പ്രഖ്യാപിച്ച ശ്രീനാരായണഗുരു സ്ഥാപിച്ച എസ്എൻഡിപി, മതനിരപേക്ഷത സംരക്ഷിക്കുന്നതിനുള്ള നിലപാടുകൾ സ്വീകരിച്ചാണ് മുന്നോട്ടുപോകേണ്ടതെന്ന് പ്രസ്താവനയിൽ പറയുന്നു. ഏതൊരു ജനവിഭാഗത്തിന്റെയും പ്രശ്നങ്ങൾ ആർക്കും അവതരിപ്പിക്കാം. എന്നാൽ അത് മതവൈരമുൾപ്പെടെ ഉണ്ടാക്കുന്ന തരത്തിലാകരുതെന്നും സംസ്ഥാന സെക്രട്ടേറിയറ്റ് പ്രസ്താവനയിൽ പറഞ്ഞു. എൽഡിഎഫ് സർക്കാർ കേന്ദ്ര സർക്കാരിന്റെ തെറ്റായ നയങ്ങൾക്കെതിരെ ബദൽ നയങ്ങളുയർത്തി മുന്നോട്ടു പോവുകയാണ്. മതനിരപേക്ഷതാ സംരക്ഷണത്തിന്റെ ഭാഗമായിട്ടാണ് ന്യൂനപക്ഷ അവകാശങ്ങളെ പാർട്ടി കാണുന്നത്. മതനിരപേക്ഷ സമൂഹത്തിൽ മാത്രമേ എല്ലാ മതവിശ്വാസികൾക്കും, വിശ്വാസികളല്ലാത്തവർക്കും ജനാധിപത്യപരമായ രീതിയിൽ പ്രവർത്തിക്കാൻ കഴിയൂ.

സത്യമേവ.ന്യൂസ്
FIRST DIGITAL NEWS PAPER IN MALAYALAM
2025 JULY 22 Tuesday




# ആരാധകരുടെ മനസുകളിൽ പ്രേം നസീർ ഇന്നും ജീവിക്കുന്നു

തിരുവനന്തപുരം: പ്രേംനസീറെന്ന മഹാനടനെ വിമർശിക്കപ്പെടുന്നവർക്ക് ഇന്നും എക്കാലവും ആരാധകരുടെ മനസുകളിൽ ആ നടൻ ജീവിക്കുന്നു വെന്നും ഗായകൻ ജി. വേണുഗോപാൽ അഭിപ്രായപ്പെട്ടു. ഒരെറ്റ പ്രാവശ്യം അടുത്തറിയാൻ സാധിച്ച തനിക്ക് പ്രേംനസീർ സമ്മാനിച്ച പേന ഇന്നും അമൂല്യനിധിയായി കാത്തുസൂക്ഷിക്കുന്നുവെന്നും പ്രേംനസീർ സുഹൃത് സമിതി ഒരുക്കിയ പ്രേം സിംഗേഴ്സ് ഏഴാമത് പ്രതിമാസ ഗാനസന്ധ്യ ഉൽഘാടനം ചെയ്ത് വേണുഗോപാൽ വെളിപ്പെടുത്തി. സാഹസിക പാമ്പ് പിടുത്ത വനിത റോഷ്നി , മ്യുസിഷ്യൻ ഡോ: വേണുഗോപാലൻ നായർ, എൻ.ആർ.ഐ. പ്രതിഭകളായ എം.കെ. സൈനുലാബ്ദീൻ, എം.എച്ച്. സുലൈമാൻ, നാസർ കിഴക്കതിൽ, ഗായകരായ രാധികാ നായർ, സുന്ദരേശൻ, ഐശ്വര്യ നായർ , കെ. സോമനാഥൻ , ജയകുമാരി എന്നിവർക്ക് പ്രേംനസീർ പുരസ്ക്കാരങ്ങൾ ഗായകൻ വേണുഗോപാൽ സമർപ്പിച്ചു. ചലച്ചിത്ര താരം മായാവി ശ്വനാഥ് ഓണനിലാവ് ബ്രോഷർ പ്രകാശനം ചെയ്തു. സസ്നേഹം ജി. വേണുഗോപാൽ ചാരിറ്റി അഡ്മിൻ ഗിരീഷ്,സമിതി കൊല്ലം ചാപ്റ്ററിലെ സുൾഫിക്കർ, ദിലീപ് റെയ്മണ്ട് , സംസ്ഥാന സമിതിയിലെ തെക്കൻ സ്റ്റാർ ബാദുഷ, പനച്ചമൂട് ഷാജഹാൻ, ഡോ: വാഴമുട്ടം ചന്ദ്രബാബു, ജി. അജിത് കുമാർ, റഹിം പനവൂർ, ഗോപൻ ശാസ്തമംഗലം എന്നിവർ സംസാരിച്ചു. പ്രേംസിംഗേഴ്സ് ഗായകരുടെ സംഗീത സന്ധ്യയും ഉണ്ടായിരുന്നു.

സത്യമേവ.ന്യൂസ്
FIRST DIGITAL NEWS PAPER IN MALAYALAM
2025 JULY 22 Tuesday




# ഒഐസിസി പ്രസംഗ മത്സരത്തിലെ വിജയികളെ പ്രഖ്യാപിച്ചു


റിയാദ്:മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ രണ്ടാം ചരമവാർഷിക ദിനത്തിന്റെ ഭാഗമായി ഒഐസിസി റിയാദ് സെൻട്രൽ കമ്മിറ്റി"ഉമ്മൻ ചാണ്ടി കരുതലും കരുത്തും" എന്ന വിഷയത്തെ ആസ്പതമാക്കി നടത്തിയ പ്രസംഗ  മത്സരത്തിൽ എറണാകുളം ജില്ലയിലെ ലാലു വർക്കി ഒന്നാം സ്ഥാനവുംഷാജഹാൻ ചളവറ രണ്ടാം സ്ഥാനവും, റിജോ ഡൊമിനിക്, മുസ്തഫ കുമരനെല്ലൂർ എന്നിവർ യഥാക്രമം മൂന്നാം സ്ഥാനത്തിനും അർഹരായി.
സലീം കളക്കര വിജയികളെ പ്രഖ്യാപിച്ചു. പ്രസംഗ കളരി പരിശീലകൻ അഡ്വ: എൽ കെ അജിത്ത്, മാധ്യമ പ്രവർത്തകൻ വി.ജെ നസറുദ്ധീൻ, പൊതു പ്രവർത്തകൻ ബിനു ശങ്കർ,ഒഐസിസി സെൻട്രൽ കമ്മിറ്റി ഓഡിറ്റർ നാദിർഷാ റഹ്മാൻ തുടങ്ങിയവരാണ് വിധി കർത്താക്കൾ.
സമ്മാനങ്ങൾ ഈ മാസം 25 ന് റിയാദിൽ ഉമ്മൻ ചാണ്ടി അനുസ്മരണ പരിപാടിയിൽ ചാണ്ടി ഉമ്മൻ MLA വിതരണം ചെയ്യും.അവലോകന യോഗത്തിൽ ഒഐസിസി റിയാദ് പ്രസിഡന്റ് സലീം കളക്കര അധ്യക്ഷത വഹിച്ചു. അബ്ദുള്ള വല്ലാഞ്ചിറ, രഘുനാഥ് പറശ്ശിനിക്കടവ്, ബാലുകുട്ടൻ,അമീർ പട്ടണത്ത്, അബ്ദുൽ കരീം കൊടുവള്ളി, ജോൺസൺ മാർക്കോസ്, അശ്റഫ് മേച്ചേരി, ജയൻ കൊടുങ്ങല്ലൂർ, വിൻസന്റ് തിരുവനന്തപുരം, മാത്യൂസ് എറണാകുളംഎന്നിവർ പ്രസംഗിച്ചു. ഫൈസൽ ബാഹസ്സൻ സ്വാഗതവും സക്കീർ ധാനത്ത് നന്ദിയും പറഞ്ഞു. നാസർ കല്ലറ, റഫീഖ് പട്ടാമ്പി, അഷറഫ് കായംകുളം , ഷഫീഖ് കണ്ണൂർ, അൻസായ് ഷൌക്കത്ത്,റസാഖ് തൃശൂർ, ജംഷി തുവ്വൂർ, മുജീബ് എന്നിവർ ജൂറിയുടെ പ്രത്യേക പ്രശംസക്ക് അർഹരായി.



# പെരുമ്പഴുതൂർ വിജയ കുമാർ നിര്യാതനായി

നെയ്യാറ്റിൻകരH.M.S സംസ്ഥാന കമ്മിറ്റി അംഗം പെരുമ്പഴുതൂർ വിജയകുമാർ,(65) നിര്യാതനായി.
കഴിഞ്ഞ കുറേക്കാലമായി കിഡ്നി പ്രവർത്തനം തകരാറിലായ വിജയകുമാർ ആഴ്ചയിൽ 3 ദിവസം ഡയാലിസസീന് വിധേയനായിരുന്നു.
കേരള സംസ്ഥാന ചെറുകിട തോട്ടം തൊഴിലാളി യൂണിയൻ സംസ്ഥാന പ്രസിഡന്റ്,കേരളസ്റ്റേറ്റ് ഹെഡ്ലോഡ് വർക്കേഴ്സ് യൂണണിയൻ, കേരളസ്റ്റേറ്റ് ജനതാ ബിൻഡിംഗ് ആന്റ് ജനറൽ വർക്കേഴ്സ് യൂണിയൻ,ക്ഷീര കർഷക തൊഴിലാളിയൂണിയൻ പ്രസിഡന്റ് തുടങ്ങി നിരവധി ട്രേഡ് യൂണിയനുകളുടെ നേതൃത്വം വഹിച്ചു വരികയായിരുന്നു.
അദ്ദഹത്തിന്റെ ഭാര്യ ജലജ, പെരുമ്പഴുതൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്, നെയ്യാറ്റിൻകര നഗരസഭ കൗൺസിലർ തുടങ്ങിയ ചുമതലകൾ വഹിച്ചിരുന്നു.
മകൻ ആദർശ് ഇന്ത്യൻ റെയിൽവേയിലും, മകൾ ആവണി നെയ്യാറ്റിൻകര ജില്ലാ ആശുപത്രിയിലും പ്രവർത്തിച്ചു വരുന്നു.
ഇന്നലെ വീട്ടുവളപ്പിൽ നടന്ന മരണാനന്തര ചടങ്ങുകളിൽ H .M.S നേതാക്കളായ മലയിൻകീഴ് ശശികുമാർ, എസ്. മനോഹരൻ, പള്ളിച്ചൽ വിജയകുമാർ, മേപ്പൂക്കബിനു തുടങ്ങി വിവിധ ട്രേഡ് യൂണിയൻ നേതാക്കളും പ്രവർത്തകരും പങ്കെടുത്ത് ആദരാഞ്ജലികൾ അർപ്പിച്ചു

പരമ്പര



# കരയുന്നോ പാർവ്വതി പുത്തനാർ ചിരിക്കുന്നോ-3

രമേഷ് ബിജു ചാക്ക

## നഷ്ടപ്പെട്ടുപോയ മത്സ്യ സമ്പത്ത്

അന്നത്തെ കാലത്തെ പുത്തനാറിലെ ശുദ്ധജലത്തെക്കുറിച്ച് സൂചിപ്പി രുന്നല്ലോ, അടിത്തട്ടിലെ മണ്ണ് തരികൾ പോലും വ്യക്തമായി കാണാമായിരുന്നു. രാപകൽ ഈ നദിയിലൂടെ കെട്ട് വള്ളങ്ങളും ചെറിയ തോണികളും ഒക്കെ വടക്കോട്ടുംതെതോട്ടും പോകുന്ന കാഴ്ചകൾ അരെയും അതിശയിപ്പിക്കയും ആകർഷിക്കയും ചെയ്തിരുന്നു. ഈ ജലപാത അത്രക്ക് മേൽ തിരക്കേറിയതായിരുന്നു. യെന്ന് പഴമക്കാർ ഓർമിപ്പിച്ചരുന്ന ആകാലം. കൂടുതലായും ചരക്ക് വാഹന ങ്ങളാണ് കൊല്ലത്തേക്കും ആപ്പുഴയിലേക്കും ദിനംപ്രതി പോയി വരുന്നത്. മൂന്നും നാലും ദിവസ്സങ്ങൾ കഠിനമായി പരിശ്രമിച്ചാലെ അവർക്ക് ഉദ്ദേശിച്ച സ്ഥലത്തേക്ക് എത്തിച്ചേരാനാ കൂയെന്ന് ഓർക്കണം. അതായത് കെട്ട് വള്ളത്തിന്റെ മുമ്പിലും പിറകിലും രണ്ട് തൊഴിലാളികൾ ശക്തമായി കഴഊന്നിയാണ് മുന്നോട്ട് പോയി കൊണ്ടിരുന്നത്. മുളകൊണ്ടുള്ള കഴ എത്ര ആഴത്തിൽ താഴുന്നുവോ അത്രയും വേഗതയിൽ വള്ളം മുന്നോട്ട് നിങ്ങും. അതിന്റെ പിന്നിൽ ശക്തമായ കായിക അദ്ധ്വാനം കൂടിയാണ് ഒപ്പം ക്ഷമയും വേണം. യാത്ര വേളയിൽ പകലായിരുന്നാലും രാത്രി ആയിരുന്നാലും ഇടക്ക് വള്ളങ്ങൾ ഒതുക്കി നിർത്തി വിശ്രമിക്കാറുണ്ട്. അപ്പോ ഴാണ് അവർക്ക് വേണ്ട ഭക്ഷണം വള്ളത്തിൽ തന്നെ പാചകം ചെയ്യുന്നത്. മിക്കവാറും കപ്പയും പുഴയിലെ മത്സ്യത്തയാണ് തെരെഞ്ഞെടുക്കുന്നത്.

സത്യമേവ.ന്യൂസ്
FIRST DIGITAL NEWS PAPER IN MALAYALAM
2025 JULY 22 Tuesday


പരമ്പര



'ദിനംപ്രതി പുത്തനാറിലെ മത്സ്യങ്ങളെയാണ്  വല എറിഞ്ഞ് പിടിക്കുക. വള്ളത്തിൽ തന്നെ പാചകത്തിന് ആവശ്യമായ  സാധനങ്ങൾ എല്ലാം എപ്പോഴും അവർ കരുതിയിരിക്കും. ഒപ്പം അരകല്ലും , വെളിച്ചത്തിനായി റാന്തലും  വള്ളത്തിലുമുണ്ടാകും. ഇവിടെ പാചകത്തിനായി ആശ്രയിക്കുന്നത് പുത്തനാറിലെ പുഴമീനുകളെ തന്നെയാന്ന്. കരിമീൻ, സിലോപ്പി, വരാൽ, മാലാവ്, കാരി, ആറ്റ് കൊഞ്ച്', ഞണ്ട്. മാനത്ത് കണ്ണി, എന്നിങ്ങനെയുള്ള വലുതും ചെറുതുമായ പുഴമിനുകളുടെ കലവറയായിരുന്നു പുത്തനാർ. ഇരുകരകളിൽ താമസിക്കുന്നവരും മറ്റ് സ്ഥലങ്ങളിലുള്ളവരും പുത്തനാറിലെ മീനുകളെ പാചകത്തിനായി തെരെഞ്ഞെടുത്തിരുന്നു. അത്രക്ക് മേൽ രുചികരമായിരുന്നൂ യെന്നാണ് പഴമക്കാർ അവകാശപ്പെടുന്നത്. ഏറ്റവും കൂടുതൽ മിനുകൾ ലഭിക്കുന്ന മഴക്കാലത്ത് തന്നെയാണ്. അന്നൊക്കെ ആൾക്കാർ ചൂണ്ടയ്ക്കും, വല വിശിയും മാണ് മിൻ പിടിക്കുന്നത് അത് പിന്നെ കച്ചവടത്തിനായി ഈർക്കിൽ കൊണ്ടുള്ള കോമ്പയിൽ കോർത്താണ് കൊണ്ടുപോകുന്നത്. ആ മത്സ്യസമ്പത്ത് പാർവതി പുത്തനാറിൽ ഇന്ന് കാണാനേയില്ലാ . ചിലപ്പോൾ മഴക്കാലത്ത് പറമ്പിലെ കുളങ്ങളിൽ ജലം ഉയരുമ്പോൾ ഓടകളിലൂടയാ ചെറുതോടുകളിലുടയോ പുത്തനാറിൽ എത്തിച്ചേരുകയാണ് പതിവ്. പൂർണ്ണമായും മത്സ്യസമ്പത്ത് പുത്തനാറിൽ നശിച്ച് കഴിഞ്ഞു. അതിന് കാരണമായി പറയേണ്ടത് ഈ കാണുന്ന മലിന ജലത്തിലൂടെ ശ്വസിക്കാനും വളരുവാനും കഴിയുക ഇല്ലാ, പഴമക്കാർ പറയുന്ന മിൻകറിയുടെരുചിയും യെല്ലാം ഇന്നത്തെ പുതിയ തലമുറക്ക് ആസ്വതിക്കാനാവില്ലാ എന്നതാണ് സത്യം.

## പരമ്പര



പാർവതി പുത്തനാർ നവീകരിക്കുന്നതിന്റെ ഭാഗമായി പലഘട്ടങ്ങളിലായി ജെ.സി.ബി. ഉപയോഗിച്ച് രണ്ട് മീറ്റർ ആഴം കൂട്ടുകയുണ്ടായി. അതിന്റെ ഫലമായി അത്രയും ആഴത്തിൽ വീണ്ടും ചെളിയും മണ്ണും മറ്റ് മാലിന്യങ്ങളും വന്നടിയുകയായിരുന്നു. അതിലേക്ക് ആരെങ്കിലും ചാടുകയോ അപകടത്തിൽപ്പെടുകയോ ചെയ്താൽ അതിൽ നിന്ന് രക്ഷപ്പെടുന്നത് തികച്ചും പ്രയാസകരമാണ്. ചെളിയിൽ പുതഞ്ഞ് കാൽ പാദങ്ങൾ  വലിച്ചെടുക്കാൻ കഴിയാതെ മലിനജലം കുടിച്ച് മരണത്തിന് കീഴ്പ്പെടുകയാണ് സാധാരണയായി കണ്ടുവരുന്നത്. വള്ളക്കടവ്, മുട്ടത്തറ, പൂന്തുറ, ചാക്ക , കരിക്കകം, വേളി എന്നീ പ്രദേശങ്ങളിൽ സ്ത്രി കളും യുവാക്കളും ജീവിതം അവസാനിപ്പിക്കണം എന്ന മോഹത്തോടെ പുത്തനാറിലേക്ക് എടുത്ത് ചാടി മരണ്ണത്തിന് കിഴ്പ്പെടുകയായിരുന്നു. അന്നൊക്കെ. എന്നാൽ ചുരുക്കം ചില പേരെ നാട്ടുകാർ എടുത്ത് ചാടി രക്ഷപ്പെടുത്തിയിട്ടുമുണ്ട്. ഇതൊക്കെ പുത്തനാർ തെളിനീരായി ഒഴുകിയിരുന്ന ആദ്യകാലങ്ങളിലായിരുന്നു. അതായത് നാല്പ്പത് വർഷത്തിന് മുന്നേ . ഈ കാലഘട്ടങ്ങളിൽ  ജീവൻ രക്ഷിക്കുക എന്നത് പ്രയാസകരം തന്നെയാണ്. പുത്തനാറിലേക്ക് എടുത്ത് ചാടിയവരെ കൂടാതെ കാർ ,സ്കൂട്ടർ, കുട്ടികളെ കൊണ്ടുപോകുന്ന സ്കൂൾ വാനുകൾ, അട്ടോറിക്ഷ ഇവയെല്ലാം പുത്തനാറിലേക്ക് വീണ് അപകടം പറ്റിയിട്ടുണ്ട്.

പരമ്പര



അതിൽ ചിലരൊക്കെ അത്ഭുത കരമായി രക്ഷപ്പെടുകയിരുന്നു. അതുപോലെ അല്ലായിരുന്നു യെല്ലാം പേരെയും നടുക്കിയ കരി ക്കത്തെ മഹാദുരന്തം'അതെ കുട്ടി കളെയും കൊണ്ടുപോയ വാഹനം പെട്ടെന്ന് തെന്നിമാറി പുത്ത നാറി ലേക്ക് മറിയുകയാണ് ഉണ്ടായത്. ആ അപകടത്തിൽപ്പെട്ട് കുട്ടികളും ആയയും ഉൾപ്പെടെ ജീവൻ നഷ്ട പ്പെടുകയായിരുന്നു. ഇങ്ങനെ ഒരു ദുരന്തം ഒരിക്കലും പ്രതീക്ഷിക്കാ തെയാണ് പിഞ്ച് കരുന്നുകളുടെ ജീവൻ കവർന്നെടുന്നത്. ഇത്തരം അപകടങ്ങൾ ഉണ്ടാകുന്നത് വാഹനം ഓട്ടിക്കുന്നവരുടെ അശ്ര ദ്ധ കൊണ്ട് മാത്രമാണ് എന്നെ പറ യാനുള്ളൂ. പുത്തനാറിൽ അപകട ത്തിൽപ്പെട്ടാൽ രക്ഷപ്പെടമെങ്കിൽ എല്ലാപേർക്കും നിന്തൽ അറിഞ്ഞി രിക്കണം. അറുപത് കളുടെ കാല ഘട്ടങ്ങളിൽ ഇവിടെ താമസിക്കുന്ന മുതിർന്ന ആൾക്കാരും കുട്ടികളും പുത്തനാറിലൂടെ നീന്തി പോകുന്ന ത് കൗതുകകരമായ കാഴ്ചയാണ്. ഇന്നത്തെ പോലെ നിന്തൽ പരി ശീലന കേന്ദ്രങ്ങളൊന്നും അന്ന് ഉണ്ടായിരുന്നില്ലാ. മുതിർന്നവർ തന്നെയാണ് കുട്ടികളെ നീന്താൻ പഠിപ്പിച്ചിരുന്നത്. ചിലപ്പോൾ മുതിർ ന്നവർ കെട്ട് വള്ളങ്ങളുടെ അടിഭാ ഗത്ത് കൂടിയും നീന്തുന്ന കാണാമാ യിരുന്നു. കടലിൽനീന്തുന്ന തും . , പുത്തനാറിൽ നീന്തുന്നതും രണ്ട് രീതികളിലാണ് യെന്ന് പഴമക്കാർ പറയുന്നുണ്ട്. ദിനംപ്രതി ഞെട്ട ലോടെ കേൾക്കുന്ന വാർത്തയാണ് കടലിലും, കായയിലും, പുഴയിലും ഒക്കെ കൂട്ട് കാരുമൊത്ത് പോയി മു ങ്ങിമരിക്കുന്നത്. നിന്ത ലിൽ വേണ്ട ത്ര പരിശീലനം കിട്ടാതെയാണ് ഇവർ അപകടങ്ങളിൽ ചെന്ന് പെടുന്നത്. പഴയ കാലത്തെ പ്രതാപം പുത്തനാ റിന ഇന്ന് ഉണ്ടായിരുന്നു യെങ്കിൽ കുട്ടികൾക്ക് കൃത്യതയോടെ നീന്തൽ പരിശീലനം നേടാമായിരുന്നു.. എന്ന് കരുതാം.**(തുടരും)**

CINEMA



# പ്രണയിച്ച് റംസാനും ഗൗരി കിഷനും

ബിബിൻ കൃഷ്ണ സംവിധാനം ചെയ്യുന്ന സാഹസം എന്ന ചിത്രത്തിലെ സന്തത സഖിയെ.. എന്ന് ആരംഭിക്കുന്ന പ്രണയ ഗാനരംഗത്ത് റംസാനും ഗൗരി കിഷനും. ഇരുവരും അവതരിപ്പിക്കുന്ന കഥാപാത്രങ്ങളുടെ പ്രണയ നിമിഷങ്ങളാണ് മനോഹരമായ ഈ മെലഡിയുടെ ഹൈലൈറ്റ്. കെ .എസ് . ഹരിശങ്കറിന്റെ മനോഹരമായ ആലാപനം പ്രത്യേകതയാണ്. വൈശാഖ് സുഗുണൻ എഴുതിയ വരികൾക്ക് ബിബിൻ അശോക് സംഗീതം പകരുന്നു. 'ട്വന്റി വൺ ഗ്രാംസ് എന്ന ഹിറ്റ് ചിത്രത്തിനുശേഷം ബിബിൻ കൃഷ്ണ സംവിധാനം ചെയ്യുന്ന സാഹസം അഡ്വഞ്ചെർ മൂഡിൽ ഒരുക്കുന്നു.നരേൻ, ബാബു ആന്റണി, ശബരീഷ് വർമ്മ എന്നിവർ പ്രധാന വേഷങ്ങൾ ചെയ്യുന്ന ചിത്രം ആഗസ്റ്റ് 8ന് റിലീസ് ചെയ്യും. അജു വർഗീസ്, സജിൻ ചെറുകയിൽ, ജീവ ജോസഫ്, ബൈജു സന്തോഷ്, യോഗി ജാപി, ഹരി ശിവറാം, ടെസ ജോസഫ്, വർഷ രമേശ്, വിനീത് തട്ടിൽ, മേജർ രവി, ഭഗത് മാനുവൽ, കാർത്തിക്, ജയശ്രീ, ആൻ സലിം എന്നിവരാണ് മറ്റു താരങ്ങൾ.തിരക്കഥ, വൈശാഖ് സുഗുണൻ,ട്വന്റി വൺ ഗ്രാംസ്, ഫീനിക്സ്' എന്നീ ഹിറ്റ് ചിത്രങ്ങൾക്കുശേഷം റിനിഷ് കെ . എൻ ആണ് ദ ഫ്രണ്ട് റോ പ്രൊഡക്ഷൻസിന്റെ ബാനറിൽ സാഹസം നിർമ്മിച്ചത്. എക്സിക്യൂട്ടീവ് പ്രൊഡ്യൂസേഴ്സ് - ഷിനോജ് ഒടണ്ടയിൽ, രഞ്ജിത് ഭാസ്കരൻ,
,വിതരണം - സെൻട്രൽ പിക്ചേഴ്സ്, പി.ആർ. ഒ ശബരി.










publish and owned by SHYJA KODUVALLI on behalf of Sathyameva Media Network NamoTower ThaliCross Road Kozhikodu,Registered under Udayam Micro Services, Govewrment of India (UDAYAM -KL 080002991 ) Phone 8129125771